**'ഭരണഭാഷ-മാതൃഭാഷ'**

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm@gmail.com
തീയതി: **12/08/2021**

നഗരാസൂത്രക
തിരുവനന്തപുരം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ
സർ

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്-ജില്ലാ നഗരാസുത്രണകാര്യാലയം-തിരുവനന്തപുരം- കെട്ടിട നിർമ്മാണം - കൺകറൻസ് -അനുവദിക്കുന്നത്- സംബന്ധിച്ച്..

സൂചന :
1. താങ്കളുടെ 19.04.2021 ലെ E14/BA/19967/2021 നമ്പർ കത്ത്.
2. Sri. Balagopal P യുടെ 09.08.2021 ലെ അപേക്ഷ.
3. 15.07.2021 തീയതിയിലെ 129ാം കൺകറൻസ് കമ്മിറ്റി തീരുമാനം.

തിരുവനന്തപുരം നഗരസഭയിൽ പട്ടം വില്ലേജിൽ പഴയ സർവ്വേ നമ്പർ 928/4, റീ സർവ്വേ നമ്പർ 145, 144 ൽ ഉൾപ്പെട്ട 183 ച.മീ വസ്തുവിൽ Sri. Balagopal P യുടെ ഉടമസ്ഥതയിൽ 174.65 ച.മീ. തറ വിസ്തീർണ്ണമുള്ള ഇരു നില ഏക കുടുംബ വാസഗൃഹം നിർമ്മിക്കുന്നതിന് സൂചന (1) മുഖേന ലഭിച്ച അപേക്ഷ 15.07.2021 ന് സൂചന (3) പ്രകാരം നടന്ന കൺകറൻസ് കമ്മിറ്റിയുടെ പരിഗണനയ്ക്കായ് സമർപ്പിച്ചു.കമ്മിറ്റി നിർദേശിച്ച പ്രകാരം അപേക്ഷകൻ സൂചന (2) പ്രകാരം പുതുക്കി സമർപ്പിച്ച അപേക്ഷയുടെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക വിധേയമായി കൺകറൻസ് അനുവദിക്കുന്നു.

1. നിർദ്ദിഷ്ട നിർമ്മാണ വസ്തുവിൻറെ ഉടമസ്ഥാവകാശം , റവന്യൂ വിവരങ്ങൾ , അതിർത്തി അളവുകൾ എന്നിവ ശരിയാണെന്ന് ഉറപ്പുവരുത്തണം.
2. ടി നിർമ്മാണം നിലവിലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം (2008) അനുബന്ധ ഭേദഗതി/ KLU order എന്നിവ അനുസരിച്ചുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നു സെക്രട്ടറി ഉറപ്പു വരുത്തിയിരിക്കണം.
3. നിർദ്ദിഷ്ട നിർമ്മാണം പൂർണ്ണമായും KMBR 2019 നും അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കണം.
4. നിർദ്ദിഷ്ട നിർമ്മാണം, പ്രദേശത്തെ ഡ്രെയിനേജ് സംവിധാനത്തെ പ്രതികൂലമായി ബാധിക്കാത്ത രീതിയിലായിരിക്കണം.
5. നിർദ്ദിഷ്ട നിർമ്മാണത്തിനോട് ചേർന്നുള്ള പ്ലോട്ടുകളിലെ നിർമ്മാണങ്ങ ൾ

നിയമാനുസൃതമായിരിക്കണം.(authorised)

6. നിർദ്ദിഷ്ട നിർമ്മാണം ഏക കുടുംബ വാസഗൃഹത്തിനായിരിക്കണം കൂടാതെ വിസ്തീർണ്ണം, ഉപയോഗം എന്നിവ മാറ്റാൻ പാടില്ലാത്തതുമാണ്.
7. നിലവിലുള്ള നിയമങ്ങൾ പ്രകാരം മറ്റു വകുപ്പുകൾ / ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും ആവശ്യം നേടേണ്ടതായ അനുമതികൾ / അംഗീകാരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.
8. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള കൺകറൻസ് മാത്രമാണ് നല്കുന്നത്. ആയതിനാൽ ബാധകമായ മറ്റ് എല്ലാ ചട്ടങ്ങളും നിയമങ്ങളും പാലിച്ചിരിക്കണം.

വിശ്വസ്തതയോടെ

Signature Not Verified
Digitally signed by Jayasree V K
Date: 2021.08.12 14:38:21 IST
Reason: Approved

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം:-കൺകറൻസ് രേഖപ്പെടുത്തിയ പ്ലാൻ(1 എണ്ണം)

പകർപ്പ്(അറിവിലേയ്ക്കായി)
Sri. Balagopal P
Panavila Veedu
Gowreesapattom Temple Road
TC 17/4497, GRA 639
Pattom P.O
TVPM 695004.